<u>ഉത്തരം</u>

21-11-2011- ലെ 77369/സിഡിഎൻ4/11/പൊഭവ നമ്പർ സർക്കലർ പ്രകാരം നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിജസ്ഥിതി സ്ഥലം എം.എൽ.എ.-മാരെ അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് കൂടി ലഭ്യമാക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്. സാമാജികരുടെ സൈറ്റിൽ ആയത് ലഭ്യമാക്കുന്നതിന്റെ നടപടികൾ നിയമസഭാ സെക്രട്ടേറിയറ്റാണ് സ്വീകരിക്കേണ്ടത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്**

77 (1948) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് 2015 ലെ വോട്ടർപട്ടിക ആധാരമാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിയിൽ ഉണ്ടായിരുന്ന പത്തുലക്ഷത്തിലധികം വോട്ടർമാർക്ക് സമ്മതിദാന അവകാശം നഷ്ടപ്പെടാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) 2019-ൽ തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടികയ്ക്ക് പകരം 2015 ലെ വോട്ടർപട്ടിക ഉപയോഗിയ്ക്കുന്നത് വഴി എന്തെല്ലാം അധികബാധ്യത സർക്കാരിന് ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത്;

(ഡി) ഇതുവഴി എന്തെല്ലാം ബുദ്ധിമുട്ടുകളാണ് വോട്ടർമാർക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകാനിടയുള്ളത്; വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭരണഘടനയുടെ 243 K, 243 Z A എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. വോട്ടർ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണെന്നതിനാൽ സർക്കാർ ഇതുസംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015-ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷം ഉപതെരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച വോട്ടർ പട്ടികയും മറ്റ് വാർഡുകളിൽ 2015-ലെ പൊതുതെരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർ പട്ടികയും 2020 ജനുവരി 20-ന് കരടായി പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുനഃക്രമീകരിച്ച് വീണ്ടും കരടായി പ്രസിദ്ധീകരിക്കും. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക ഉപയോഗിച്ച് 2020-ലെ പൊതുതെരഞ്ഞെടുപ്പ് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അർഹരായ വോട്ടർമാർക്ക് പ്രസ്തുത വോട്ടർപട്ടികയിൽ പേര് ചേർക്കുവാൻ അവസരമുള്ളതിനാൽ സമ്മതിദാന അവകാശം നഷ്ടപ്പെടുന്ന സാഹചര്യമില്ല.

(സി &ഡി) വിവരം ശേഖരിച്ചുവരുന്നു.

**കെ-ഫൈ പദ്ധതി പ്രകാരം സൗജന്യ വൈ-ഫൈ**

78 (1949) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫൈ പദ്ധതി പ്രകാരം എത്ര സ്ഥലങ്ങളിലാണ് സൗജന്യ വൈ-ഫൈ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സജ്ജമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈ-ഫൈ പദ്ധതിയായ കെ-ഫൈ പദ്ധതി പ്രകാരം 2000 ഹോട്സ്പോട്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജില്ലാ ഭരണ കേന്ദ്രങ്ങൾ, പ്രധാന സർക്കാർ ഓഫീസുകൾ എന്നിവയ്ക്ക് പുറമെ അതാത് ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്ത ബസ് സ്റ്റാൻഡുകൾ, പഞ്ചായത്ത് ഓഫീസുകൾ, പാർക്കുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ മുതലായ ഇടങ്ങളിലാണ് ബി.എസ്.എൻ.എൽ-ന്റെ സഹായത്തോടെ വൈ-ഫൈ സംവിധാനം നടപ്പിലാക്കുന്നത്.

(ബി) 1997 സ്ഥലങ്ങളിൽ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു: